# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

## സംഗ്രഹം

ഭരണ വിഭാഗം - ജീവനക്കാര്യം - സർവ്വകലാശാല കാലടി മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഡോ.പുഷ്പദാസൻ കുനിയിൽ നെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണ (എ) വിഭാഗം

നം: എഡി.എ1/16218/എസ്എസ്‌യുഎസ്/2018(2) തീയതി, കാലടി, 13.12.2018

---

പരാമർശം -
1. 09.11.2018 ന് നടന്ന 172-ാമത് സിൻഡിക്കേറ്റ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ ഔട്ട് ഓഫ് അജണ്ട ഇനം നം 2
2. 23.11.2018 ലെ എഡി.ഡി/2343/എസ്.എസ്.യു.എസ്/2013 നമ്പർ കുറിപ്പ്
3. 24.11.2018 ലെ എഡി.എ1/16218/എസ്.എസ്.യു.എസ്/2018 നമ്പർ അഡ്വൈസ് മെമ്മോ
4. 01.12.2018ന് ഡോ.പുഷ്പദാസൻകുനിയിൽ സമർപ്പിച്ച ജോയിനിംഗ് റിപ്പോർട്ട്

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം, 09.11.2018 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ 30.10.2018 ന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ ഡോ. പുഷ്പദാസൻ കുനിയിൽ നെ സർവ്വകലാശാലയുടെ സംസ്കൃത സാഹിത്യ വിഭാഗത്തിൽ എസ്.സി കാറ്റഗറിയിൽ അസോസിയേറ്റ് പ്രൊഫസറായി നിയമിക്കുവാൻ തീരുമാനമെടുത്തിരുന്നു. അതിൻപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണ 'ഡി' വിഭാഗത്തിൽ നിന്നും പരാമർശം (2) പ്രകാരം, കുറിപ്പ് ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡോ.പുഷ്പദാസൻ കുനിയിലിന് ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം അഡ്വൈസ് മെമ്മോ യും അയച്ചിരുന്നു.

അഡ്വൈസ് മെമ്മോ പ്രകാരം, ഡോ.പുഷ്പദാസൻ കുനിയിൽ എല്ലാ അസ്സൽ രേഖകളും പകർപ്പുകളും സഹിതം 01.12.2018 പൂർവ്വാഹ്നത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചതായി പരാമർശം (4) പ്രകാരം, റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30.11.2018 അപരാഹ്നത്തിൽ പട്ടാമ്പി ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജിൽ നിന്നും വിടുതൽ ലഭിച്ചതിന്റെ രേഖയും ഹാജരാക്കിയിട്ടുണ്ട്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല ആക്ടിലേയും സ്റ്റാറ്റ്യൂട്ടിലേയും ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, കോഴിക്കോട്, ഉള്ളിയേരി, സാന്ദ്രത്തിലെ ഡോ.പുഷ്പദാസൻ കുനിയിലിനെ 01.12.2018 പൂർവ്വാഹ്നത്തിൽ സർവ്വകലാശാല കാലടി മുഖ്യകേന്ദ്രത്തിലെ സംസ്കൃത സാഹിത്യ വിഭാഗത്തിൽ എസ്.സി കാറ്റഗറിയിൽ അസോസിയേറ്റ് പ്രൊഫസറായി നിയമിച്ചുകൊണ്ട് ബഹു. വൈസ്-ചാൻസലർ ഉത്തരവിട്ടിരിക്കുന്നു. ഡോ.പുഷ്പദാസൻ കുനിയിൽ സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ചതുമുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കേണ്ടതാണ്.

തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ.ടി.പി.രവീന്ദ്രൻ
രജിസ്ട്രാർ

ശരിപ്പകർപ്പ്
ഡോ.പുഷ്പദാസൻ കുനിയിൽ, അസോസിയേറ്റ് പ്രൊഫസർ, സംസ്കൃത സാഹിത്യ വിഭാഗം, കാലടി മുഖ്യകേന്ദ്രം

പകർപ്പ്
ഫിനാൻസ് ഓഫീസർ
പ്രിൻസിപ്പാൾ, ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി
ഡി.എസ്.എസ്/വകുപ്പ് മേധാവി, സംസ്കൃത സാഹിത്യ വിഭാഗം,കാലടി മുഖ്യകേന്ദ്രം
വൈസ് ചാൻസലറുടെയും പ്രോ-വൈസ് ചാൻസലറുടെയും
രജിസ്ട്രാറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
എല്ലാ സെക്ഷനുകൾക്കും/കെ.എസ്.എ/ഐ.ക്യൂ.എ.സി
വ്യക്തിഗത ഫയൽ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Scanned by CamScanner